
LK/2018/39012

# ശശ്യം ശം



## ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ
## കൊട്ടാരക്കര

## Table of Contents

ആമുഖം....4
ലിറ്റിൽ കൈറ്റ്സ് -ഐ. ടി ക്ലബ്....4
-റേച്ചൽ വി.പി (ലിറ്റിൽകൈറ്റ്സ്മിസ്ട്രസ്.)....4
ആശംസ....6
-സുഷമ എസ് ,ഹെഡ്മിസ്ട്രസ്സ്....6
എഡിറ്റോറിയൽ ബോർഡ്....7
ഗവൺമെന്റ് ബോയ്സ് ഹൈസ്ക്കൂൾ....8
ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ....8
ഒരു പെൺകുട്ടി....10
-ജദീദിയ ജി.വി....10
കടത്തുകാരൻ....12
-അഞ്ജന .എ.ജെ....14
അമ്മ....15
-അനന്യ അനിൽ....16
ഒരു കുടന്ന വെളിച്ചമായ്....17
-പുരോഗാമി (ഖലിൽ ജിബ്രാൻ)....17
എന്റെ ഭയം....18
-യു.ആർ.കിരൺ സൂരി....18
കന്നിക്കൊയ്ത്ത്....21
അവളായിരുന്നെന്റെ ലോകം....23
-അവളായിരുന്നെന്റെ ലോകം....23
-അശ്വതി .എ....23
തല വേദന....24
-അഖിൻ .പി.അനിൽ....25
ആന....27
ചെവിയാട്ടുന്നത് എന്തുകൊണ്ട് ???....27
-ആൻസി .പി....27
എന്തിനാണ് ആനയ്ക്ക് തുമ്പിക്കൈ ???....28
-അശ്വതി .എ....28
എട്ടുകാലി സ്വന്തം വലയിൽ കുടുങ്ങാത്തത് എന്തുകൊണ്ട് ???....29
-ശ്രുതി .എസ്....29
നിഴലുണ്ടാകുന്നതെങ്ങനെ ???....30
-രമ്യ .എ.ജെ....30
അറിവു നേടാൻ....31
ഞാനാണേ വലിയത്....32

ജദീദിയ ജി .വി.....32
പ്രത്യാശയുടെ പ്രത്യയശാസ്ത്രം.....33
റോഷ്നി എസ്.....33
.....34
വള്ളത്തോൾ നാരായണമേനോൻ.....34
അഭിജിത്ത്.....34
നിക്കോള ടെസ്ല.....35
.....35
കിരൺ സൂരി,സൂരജ്.എസ്. കുമാർ.....35
ടാഗോറും ഗീതാഞ്ജലിയും.....38
അഞ്ജന എ.ജെ.....38
ക്രിസ്മസ് ദ്വീപിലെ ചുവപ്പ് പരവതാനി!!!.....39
ദിനൂപ്പ് ഫിലിപ്പ്.....39
ജവഹർലാൽ നെഹ്റു.....40
സൂരജ് എസ് കുമാർ.....40
കുറ്റിപ്പുറത്ത് കേശവൻനായർ.....41
അഖിൻ പി.അനിൽ.....41
വിദ്യാഭ്യാസവും.....42
കമ്പ്യൂട്ടറും.....42
അമർത്യഎസ്.....42
നാടിനെ തിരുത്തിയ.....46
നായകൻ!!.....46
ജദീദിയ ജി.വി.....46
നവകേരളം.....47
ദേവനന്ദൻ.....47

# **ആമുഖം**

**ലിറ്റിൽ കൈറ്റ്സ് -ഐ. ടി ക്ലബ്**




**-റേച്ചൽ വി.പി (ലിറ്റിൽകൈറ്റ്സ്മിസ്ട്രസ്.)**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഹൈടെക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ഐ. സി. ടി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം നല്കുന്നതിന് ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബ് രൂപീകരിച്ചു. എട്ടാം ക്ലാസിലെ അവസാന പാദത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടികളെ തെരഞ്ഞെടുക്കുകയും ഒൻപതാം ക്ലാസിൽ എത്തുമ്പോൾ പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു. മികച്ച കുട്ടികൾക്ക് സബ്ജില്ലാ ക്യാംപ്, ജില്ലാക്യാംപ്, സംസ്ഥാനതല ക്യാംപ് വരെ പങ്കെടുക്കുന്നതിന് പരിശീലനം നേടുന്നതിനും കഴിയുന്നു. അനിമേഷൻ, പ്രോഗ്രാമിംഗ്, മൊബൈൽആപ് നിർമ്മാണം, ഗ്രാഫിക്സ് ഡിസൈനിംഗ്, മലയാളം കംമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ ഇലക്ട്രോണിക്സ്, റോബോട്ടിക്സ് സൈബർസുരക്ഷ, എന്നീ മേഖലകളിൽ പരിശീലനം നൽകുന്നു. കൂടാതെ വിദഗ്ദരുടെ ക്ലാസുകൾ, ഇൻഡസ്ട്രികളിൽ സന്ദർശനം, ക്യാമ്പുകൾ തുടങ്ങിയവനടത്തുന്നു.വിവരവിനിമയസാങ്കേതികരംഗത്ത് താല്പര്യവും അഭിരുചിയും ഉള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സാങ്കേതിക വിദ്യയും സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യവും സംസ്കാരവും വളർത്തുക. വിദ്യാലയങ്ങളിലെ സാങ്കേതിക ഉപകരണങ്ങളുടെ നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക. ഉപകരണങ്ങൾക്ക് ഉണ്ടായേക്കാവുന്ന ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുക. പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടുന്നതിന് അവസരമൊരുക്കുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.



## ആശംസ

കൊട്ടാരക്കര ഗവ.ബോയ്സ് ഹൈസ്ക്കൂളിലെ കുട്ടിക്കൂട്ടത്തിന്റെ മഹത് സംരംഭമായ ശ്രാംഗം ഡിജിറ്റൽ മാഗസിന് പേര് പോലെ തന്നെ ഏറ്റവും ഉന്നതിയിലെത്താൻ എല്ലാ ആശംസകളും............

**-സുഷമ എസ് ,ഹെഡ്മിസ്ട്രസ്സ്**

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ:ജദീദിയ ജി.വി

എഡിറ്റോറിയൽ അംഗങ്ങൾ:

- അനന്യ അനിൽ
- അഞ്ജന എ.ജെ
- അമർത്യ എസ്
- അഖിൻ പി അനിൽ
- അമൽ രാജ് ആർ
- അഭിജിത്ത് എ
- സൂരജ് .എസ് .കുമാർ

സാങ്കേതിക സഹായം:

റേച്ചൽ വി.പി

(കൈറ്റ് മിസ്ട്രസ്സ്)

ഷീജാമോൾ എസ്

മറ്റു പ്രവർത്തനം നടത്തിയവർ:

അശ്വതി എ

യു.ആർ കിരൺ സൂരി

റോഷ്നി എസ്

രമ്യാ മോൾ എ.ജെ

LK/2018/39012

## ഗവൺമെന്റ് ബോയ്സ് ഹൈസ്ക്കൂൾ

### ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ



# ***<u>കഥകളിലേക്ക് കടക്കാം!!!</u>***

# ഒരു പെൺകുട്ടി

**-ജദീദിയ ജി.വി**


ആ ഇളം കാറ്റ് അവളെ മെല്ലെ തഴുകി. വീടു വരാന്തയിലെ ചാരു കസേരയിൽ ഇരിക്കുകയായിരുന്ന അവൾ മെല്ലെ നിദ്രയിൽ ഏർപ്പെട്ടു.ഒരു അഗാധമായ നിദ്രയിലേക്ക് എന്നെന്നേയ്ക്കുമായി.



തങ്ങളുടെ മകൾ ലോകത്തിൽ നിന്നു മാറ്റപ്പെട്ടു എന്ന യാഥാർത്ഥ്യം ആ അച്ഛനമ്മമാരെ തളർത്തി കളഞ്ഞു. അവൾ എങ്ങനെ മരിച്ചു എന്നാർക്കും അറിയില്ലായിരുന്നു.എട്ടു വയസ്സുകാരിയായിരുന്ന അവൾക്ക് ഇത്രപെട്ടെന്ന് എന്ത് സംഭവിക്കാനാണ്?ദിവസങ്ങൾ കടന്നുപോയി എല്ലാവരും അവളെ മറന്നുത്തുടങ്ങി.ഒരാളൊഴികെ!അവളുടെ കൂട്ടുകാരി ആരതി.ആരതിയും ആയിഷയും ഉറ്റസുഹൃത്തുക്കളായിരുന്നു.ഒരു താഴ്ന്ന ജാതിയിൽപ്പെട്ടവളായിരുന്നു ആയിഷ.എന്നാൽ ആരതി ആയിഷയെ എന്നും ചേർത്തുപ്പിടിച്ചു.ആരതിക്കറിയാമായിരുന്നു ആയിഷയെ ഇല്ലാതാക്കിയത് ആരാണെന്നും അവൾ എങ്ങനെ മരണപ്പെട്ടെന്നും.ആരതി ആരെയൊക്കെയോ ഭയന്നിരുന്നു.അവളുടെ കണ്ണുകളിൽ എപ്പോഴും ഭയം കാണപ്പെട്ടു.ആയിഷയുടെ ജീവിതത്തെ തന്നെ മാറ്റിമറിച്ച ദിവസമായിരുന്നു അത്.ആ പുതുവത്സര രാത്രി.പതിവുപോലെ ആയിഷ പ്രർത്ഥന കഴിഞ്ഞ് പുതുവത്സരാഘോഷങ്ങളിൽ ഏർപ്പെട്ടുഅച്ചഛൻഎവിടെയ്ക്കോപോകുന്നതുകണ്ടാണ്അവൾപുറകേപ്പോയത് .എന്നാൽ അവൾ പാതിവഴിയിൽ വച്ച് തിരികെ വീട്ടിലേക്കു നടന്നു.എന്നാൽ പെട്ടെന്നായിരുന്നു അവിടേക്കൊരു വാൻ വന്നത്. ആരൊക്കെയോ അവളെ ആ വാനിലേക്കു പിടിച്ചു കയറ്റി.അവർ അവളെ വേണ്ടുവോളം ഉപയോഗിച്ചു.അവർ അവളെ അവളുടെ വീട്ടരികില ഉപേക്ഷിച്ചു.ബോധം വീണ്ടെടുത്ത അവൾ പതിയെ അവളുടെ കിടക്കയിൽ കിടന്നു.ആരോടും ഒന്നും പറഞ്ഞില്ല അവൾ.എന്നാൽ ആതിരയിൽ നിന്നും അവൾക്കതൊളിച്ചു വയ്ക്കാൻ

സാധിച്ചില്ല.ആയിഷമറ്റാരോടുംഇത്പറഞ്ഞില്ല.അവൾ ഭയന്നിരുന്ന ആരെയൊക്കെയോ. പതിയെ അവളുടെ ജീവിതം മടുത്തു.ആ കുഞ്ഞു ശരീരത്തിൽ ഒതുങ്ങുന്നതിനപ്പുറമായിരുന്ന ആ വേദന.വൈകാതെ അവൾ യാത്രയായി.പോസ്റ്റുമാർട്ടം റിപ്പോർട്ട് ആ നീചൻമാർ പണത്തിനാൽ മാറ്റി തിരുത്തിആരതികുറ്റബോധത്താൽനിറഞ്ഞുആയിഷയുടെമരണത്തിനുത്തരവാദി യായവർ ഇപ്പോഴും കുഴപ്പമില്ലാതെ ജീവിക്കുന്നു.ആരതി ധൈര്യം സംഭരിച്ച അവൾ പോലീസ് സ്റ്റേഷൻ ലക്ഷ്യമാക്കി നടന്നു.എല്ലാം പോലീസുകാരോടു പറഞ്ഞു.എന്നാൽ അവർ അവളെ ആട്ടിപ്പായിച്ചു.ആരതി ഒന്നു തളർന്നെങ്കിലും കണ്ണുകളിൽ ആയിഷയെകാണാൻ സാധിച്ച അവൾ ധൈര്യം വീണ്ടെടുത്തു.ഒരു എട്ട് വയസ്സുകാരിക്ക്ചെയ്യാൻ പറ്റുന്നതെല്ലാം അവൾ ചെയ്തു.ആയിഷയുടെ നീതിയ്ക്കുവേണ്ടി.ആയിഷയുടെ മരണകാരണവും ഉത്തരവാദികളെയും എല്ലാവരും തിരിച്ചറിഞ്ഞു.എന്നാൽ അവർക്കെതിരെ നടപടി എടുക്കാൻ ആരും തുനിഞ്ഞില്ല.കാരണം അവർ പണമുള്ളവരല്ലേ.ഉയർന്ന ജാതിക്കാർ.ഒരു കൂട്ടം ജനങ്ങൾ പറഞ്ഞു ആയിഷ ഒരു താഴ്ന്ന ജാതിക്കാരിയല്ലേ.അവൾക്കെന്തു സംഭവിച്ചാലെന്താ?നിയമം കണ്ണുകൾ മൂടി.പണത്തിനു മുന്നിൽ നിയമം മാറി.ഇന്നും ആ നീചർ സ്വതന്ത്രരാണ്.ആരും ആയിഷയെ ഓർക്കുന്നില്ല.ഒരു പക്ഷെ ആ നീചരെ സഹായിക്കുന്നവരുടെ മകൾക്കാണീ ഗതി വന്നതെങ്കിലോ? ആരതി ചോദിച്ചു.അവസാനംഅവർ ആരതിയേയും.ആയിഷയുടെ നീതിയ്ക്കുവേണ്ടിപൊരുതിയആരതി ഒരോർമയായി.സ്ത്രീ ആരുടെയും അവകാശമല്ല അഭിമാനമാണ്.ഓരോ പെൺകുട്ടിയേയും സ്വന്തം അനിയത്തിയായി കാണുക.നിയമം മാറണം ഒപ്പം നാമോരോരുത്തരും.മറ്റൊരു പെൺകുട്ടിക്കും ഇനി ഈ ഗതി വരരുത്.അതിനായി പൊരുതുക നീതി നേടുംവരെ. എൻെറ കുഞ്ഞനിയത്തി ആസിഫയ്ക്ക്.

# കടത്തുകാരൻ




സിദ്ധാർഥൻ എത്തിയപ്പോൾ ആ തോണി അവിടെത്തന്നെയുണ്ടായിരുന്നു. യുവതാപസനെ മുമ്പ് നദി കടത്തിവിട്ട കടത്തുകാരൻ തോണിയിൽ നിൽപ്പുണ്ടായിരുന്നു. സിദ്ധാർഥന് അയാളെ മനസ്സിലായി. അയാളെയും വാർധക്യമേറെ ബാധിച്ചിരുന്നു.

“എന്നെ അക്കരയ്ക്ക് കൊണ്ടുപോവുമോ?”- അവൻ ചോദിച്ചു . അതുപോലെ ബഹുമാന്യനായ ഒരാൾ ഏകനായി കാൽനടയായി വന്നതുകണ്ട് അദ്ഭുതത്തോടെ കടത്തുകാരൻ അവനെ കയറ്റി തോണി നീക്കി.

"ആയിരിക്കാം . എന്നാൽ നിങ്ങളോട് ഇക്കാര്യത്തിൽ എനിക്കസൂയ തോന്നുന്നു.”

"ഓ, താമസിയാതെ നിങ്ങക്കിതിലുള്ള താല്പര്യം നഷ്ടമായിക്കൊള്ളും . ഇത് നല്ല വസ്ത്രങ്ങൾ ധരിച്ചവർക്ക് പറ്റിയ തൊഴിലല്ല.”

സിദ്ധാർഥൻ പൊട്ടിച്ചിരിച്ചു : “എന്റെ വേശങ്ങൾകൊണ്ട് മുമ്പേതന്നെ എന്നെ വിലയിരുത്തുകയും സംശയത്തോടെ നോക്കുകയും ചെയ്തുകയിഞ്ഞിരിക്കുന്നു. എനിക്കു ശല്യമായിത്തീർന്നിരിക്കുന്ന ഈ വസ്ത്രങ്ങൾ  നിങ്ങൾ സ്വീകരിക്കുമോ? മാത്രമല്ല, എന്നെ ഈ നദി കടത്തുന്നതിനുവേണ്ടി പ്രതിഫലം തരാൻ എന്റെ കൈയിൽ പണമൊന്നുമില്ലതാനും.”

"അങ്ങ് തമാശ പറയുകയാണ്" -കടത്തുകാരൻ ചിരികൊണ്ട് പറഞ്ഞു.

“ഞാൻ തമാശ പറയുകയല്ല ചങ്ങാതി. പ്രതിഫലമൊന്നും സ്വീകരിക്കാതെതന്നെ

മുമ്പൊരിക്കൽ നിങ്ങൾ എന്നെ ഈ നദി കടത്തിവിട്ടു. അതുകൊണ്ട് ദയവായി ഇപ്പോഴും അങ്ങനെചെയ്ത് പകരം എൻെറ വസ്ത്രങ്ങൾ എടുത്തുകൊള്ളുക."

"അപ്പോൾ മാന്യമായ അങ്ങ് വസ്ത്രങ്ങളില്ലാതെ പോകുമോ?

"അപ്പോൾ മാന്യമായ അങ്ങ് വസ്ത്രങ്ങളില്ലാതെ പോകുമോ?"

"ഇനിയും മുമ്പോട്ട് പോകാതിരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ എനിക്ക് വല്ലപഴയ വസ്ത്രങ്ങളും തന്ന്, നിങ്ങളുടെ സഹായിയായി, നിങ്ങളുടെ തൊഴിൽ പഠിക്കുന്നവനായി എന്നെ ഇവിടെ നിർത്തുമെങ്കിൽ അതാണെനിക്കിഷ്ടം.എനിക്ക് തോണി തുഴയാൻ പഠിക്കുകതന്നെ വേണം."

വളരെ നേരം ആ അപരിചിതനെ കടത്തുകാരൻ ശ്രദ്ധിച്ചു നോക്കി.

"എനിക്ക് നിങ്ങളെ മനസ്സിലായി ഒടുവിൽ അയാൾ പറഞ്ഞു: " ഒരിക്കൽ നിങ്ങൾ എൻെറ കുടിലിൽ ഇറങ്ങിയിട്ടുണ്ട്.അത് വളരെക്കാലത്തിനുമുമ്പാണ്. ഒരുപക്ഷേ പത്തിരുപത് വർഷത്തിനും മുമ്പ്.അന്ന് ഞാൻ നിങ്ങളെ നദി കടത്തിവിട്ടു. നല്ല' ചങ്ങാതിമാരായി നാം പിരിയുകയും ചെയ്തു.നിങ്ങൾ ഒരു താപസനായിരുന്നില്ലേ? നിങ്ങളുടെ പേര് എനിക്കോർമ്മിക്കാനാവുന്നില്ല"."എൻെറ പേര് സിദ്ധാർത്ഥൻ എന്നാണ്.അന്ന് നിങ്ങൾ എന്നെക്കാണുമ്പോൾ ഞാനൊരു താപസനായിരുന്നു."

"സിദ്ധാർഥാ, നിങ്ങൾക്ക് സ്വാഗതം.എൻെറ പേര് വാസുദേവനെന്നാണ്. ഇന്ന് നിങ്ങൾ എൻെറ അതിഥിയാവുമെന്നും എൻെറ കുടിലിൽ ഉറങ്ങുമെന്നും കരുതട്ടെ. നിങ്ങൾ എവിടെനിന്നാണ് വരുന്നതെന്നും ഈ വിലകൂടിയ വസ്ത്രങ്ങൾ ഇത്രയധികം നിങ്ങൾക്ക് മടുത്തുപോയതെന്തെന്നുമൊക്കെ നിങ്ങൾ എന്നോട് പറയുമെന്ന് ഞാൻ പ്രതീക്ഷിക്കട്ടെ.

അവർ നദിയുടെ നടുവിലെത്തി. ഒഴുക്കു കാരണം വാസുദേവൻ കൂടുതൽ ശക്തിയോടെ തുഴഞ്ഞു. തോണിയുടെ കൊമ്പിലേക്കുതന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് സമചിത്തതയോടെ ബലത്ത കരങ്ങളാൽ അയാൾ തുഴഞ്ഞുകൊണ്ടേയിരുന്നു.

സിദ്ധാർഥൻ അയാളെതന്നെനോക്കിയിരുന്നു. തൻെറ സന്ന്യാസദിനങ്ങളുടെ അന്ത്യത്തിൽ ഈ മനുഷ്യനോട് തനിക്കെന്നുമാത്രം പ്രേമമാണു തോന്നിയതെന്ന് അവൻ ഓർത്തു. നന്ദിയോടെ അവൻ വാസുദേവൻെറ ക്ഷണം സ്വീകരിച്ചു .

**-അഞ്ജന .എ.ജെ**

# അമ്മ

ആ സുന്ദിയായ അമ്മ എല്ലാകാര്യത്തിലും മിടുക്കിയായിരുന്നു. ഡാൻസിനും പാട്ടിനുമെല്ലാം അവൾ മുൻപോട്ട് കുതിച്ചു . അവൾക്ക് ഒരു സുന്ദരിയായ മകൾ പിറന്നു. മകൾക്കിടാനുള്ള പേര് കണ്ടുപിടിക്കാൻ നടക്കുകയായിരുന്ന ആ അമ്മ. ഒടുവിലവൾ മകൾക്കിടാനുള്ള പേര് കണ്ടുപിടിച്ചു . മറ്റു പേരുകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്ആ പേര് വേവിക.അവളുടെ ഒന്നാമത്തെ പിറന്നാളിന് കൈ നിറയെ സമ്മാനവും അമ്മ നൽകി. എല്ലാവരുടേയും മുൻപിൽ മകൾ സുന്ദരിയായിരിക്കണം എന്ന അമ്മക്ക് ആഗ്രഹമുണ്ടായിരുന്നു. ഒടുവിലവളുടെ ഒന്നര വയസ്സിൽ അവളുടെ അമ്മയെ അവൾക്ക് നഷ്ട്മായി. ഇരുപത്തി ഏഴാം തീയതി വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് ഒന്നരയോടെ ആയിരുന്ന സംഭവം സ്കൂട്ടറിൽ സഞ്ചരിച്ചു കൊണ്ടിരുന്ന അവളെ മുൻപിൽ വന്ന പിക്കപ്പ് വാൻ ഇടിക്കുകയായിരുന്നു. ഒരാഴ്ച്ചയോളം അവൾ ഹോസ്പ്പിറ്റലിലായിരുന്നു. ഒടുവിലവളുടെ മുൻപിൽ മരണത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടു. ആ മകളുടെ ആഗ്രഹങ്ങളൊന്നും നിറവേറ്റാതെ അമ്മ യാത്രയായി. ആ കുഞ്ഞു മനസ്സ് എന്തിനോ സങ്കടം കൊണ്ട് വേദനിക്കുന്നതായി തോന്നി. ആ കുഞ്ഞു മനസ്സിൽ ഒരിക്കലും മായാത്ത കനലായി അത് എരിഞ്ഞ് തീർന്നു. അവളെ ദു:ഖത്തിലേക്കിറക്കിവിട്ട് അമ്മ സ്വർഗ്ഗത്തിലേക്ക് യാത്രയായി.ആ മകൾക്ക് തെറ്റും ശരിയും കാട്ടിക്കൊടുക്കാതെ അമ്മ പോയി.തന്റെ അമ്മയെ ഇനി ഒരിക്കലും കാണാൻ പറ്റില്ലെന്ന് ആ കുഞ്ഞു മനസ്സിനറിയില്ലായിരുന്നു.ആ കുഞ്ഞു മനസ്സിന്റെ സങ്കടം അവൾ കാണുന്നുണ്ടോ ആവോ???? ആ അമ്മ എന്നും ആ കുഞ്ഞു ഹൃദയത്തിലെ മുറിപ്പാടായിരിക്കും.ആ കുഞ്ഞിന് അമ്മേ എന്ന് വിളിക്കാൻ പോലും കഴിയാതെ.എല്ലാവരുടേയും കരച്ചിലുകളുടെ ഇടയിൽ ഒരു



കുഞ്ഞുനൊമ്പരമായി അത് ഒതുങ്ങി.സ്വന്തം അമ്മയെ പോലെ മറ്റൊരാൾക്കും സ്വന്തം കുഞ്ഞിനെ ലാളിക്കാനോ സ്നേഹിക്കാനോ കഴിയില്ല.എന്ന് നാം മനസ്സിലാക്കണം.അമ്മയെന്നും മക്കളുടെ കൺകണ്ട ദൈവമായിരിക്കും.ആ കുഞ്ഞിന്റെ ഒന്നാമത്തെ പിറന്നാളിന് നിറയെ ഉടുപ്പും മിട്ടായികളും പാവകളും വാങ്ങിക്കൊടുത്തമ്മ.അവളുടെ രണ്ടാമത്തെ പിറന്നാളിന് വെറും ഓർമകൾ മാത്രമായി.അവളെ താലോലിക്കുവാനോ ലാളിക്കാനോ  അമ്മയില്ല . ഇന്നലെ വരെ തന്റെ കൂടെ പറ്റിച്ചേർന്ന് കിടന്ന അമ്മ നാളെ  മുതൽ കൂടെ കിടക്കാനില്ല എന്നവൾ അറിഞ്ഞില്ല . ഇത് അവളുടെ കഥയാണ് .അവളുടെ ജീവിതകഥ. പ്രശസ്ത പാട്ടുകാരിയും നർത്തകിയുമായ മഞ്ജുഷ എന്ന ഇരുരത്തിയാറുകാരിയുടെ കഥ.അടുത്ത ജന്മത്തിൽ അവൾ ജനിക്കുന്നത് ആ പൊന്നോമനയുടെ  അമ്മയായിട്ടായിരിക്കണം. അവൾക്ക് എല്ലാം എല്ലാമായിരിക്കണം.........

**-അനന്യ അനിൽ**

## <u>ഒരു കടന്ന വെളിച്ചമായ്</u>

ഒരിക്കൽ ഒരു മനുഷ്യൻ തന്നുടെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ ആ പ്രതിമയെ ഒരു വലിയ വിലയ്ക്ക് സൗന്ദര്യാസ്വാദകനു വിറ്റു.

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി, ഈ പണം എന്തുമാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത്. എല്ലാവരാലും അവഗണിക്കപ്പെട്ട ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഢ്ഢി വിലയ്ക്കുവാങ്ങും?

അപ്പോൾ തന്നുടെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു, എന്തൊരു സൗന്ദര്യം! എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രയ്ക്കുശേഷം എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ്! മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കു തോന്നും?

**<u>-പുരോഗാമി (ഖലിൽ ജിബ്രാൻ)</u>**

## എന്റെ ഭയം

ഭയമാണെനിക്ക്എല്ലാത്തിലുംഎന്തിലും.ഞാനീ ലോകത്ത് ജീവിക്കാൻ ഭയപ്പെടുന്നു. എന്നെ ഭയപ്പെടുത്തുന്നു ഈ ലോകം. ഒരു പെൺകുട്ടിയായി ജനിച്ചതാണോ ഞാൻ ചെയ്ത തെറ്റ്!! സ്ത്രീകൾക്കൊരു വിലയുമില്ലേ ഈ സമൂഹത്തിൽ??? സ്വന്തം അമ്മയേയും പെങ്ങളേയും തിരിച്ചറിയാത്ത ഈ നീചൻമാർക്കിടയിൽ ജീവിക്കുന്നതിലും നല്ലത് ഞാൻ മരിക്കുന്നതാണ്.സ്വന്തം പെങ്ങളെപ്പോലും പീച്ചിചീന്തുന്നവരാണ് ഇവിടെ. ഒരു പക്ഷേ നാളെ എനിക്കും............. ഇല്ല ഒരിക്കലും ഇല്ല!! സമൂഹത്തിന് വാർത്തയാക്കാനുള്ളതല്ല എന്റെ ജീവിതം. ഒരു ബ്രേക്കിംഗ് ന്യൂസായിമാറാൻ എന്റെ ജീവിതം ഞാൻ ആർക്കും വിട്ടുനൽകില്ല. എന്റെ ഭയം അവസാനിക്കണം എന്നെന്നേയ്ക്കുമായി....

എനിക്കീ നീചൻമാർക്കിടയിൽ ജീവിക്കാനാകില്ല.മനസ്സുനിറയെഭയവുമായിജീവിക്കാൻഎനിക്കാകില്ല.പോകുകയാണ്എന്നെന്നേയ്ക്കുമായി.ഇനിഎനിക്ക്ജീവിക്കണം ഭയമില്ലാതെ.......സന്തോഷത്തോടെ, ആരേയും പേടിക്കാതെ.....!!!

**-യു.ആർ.കിരൺ സൂരി**

# കവിതയിലേക്ക്

## കന്നിക്കൊയ്ത്ത്



-വൈലോപ്പിള്ളി

കന്നിനെല്ലിനെയോമനിച്ചെത്തി
യെന്നോടോതി സദാഗതി വായു:
നിർദയം മെതിച്ചീ വിളവുണ്മാൻ
മൃത്യുവിന്നേകം ജീവിതംപോലും
വിത്തൊരിത്തിരി വയ്ക്കുന്നു, വീണ്ടും
പത്തിരട്ടിയായ് പൊൻവിളയിപ്പാൻ
കന്നിനാളിലെ കൊയ്ത്തിനു വേണ്ടി
മന്നിലാദിയിൽ നട്ട വിത്തെല്ലാം
പൊന്നലയലച്ചെത്തുന്നു നോക്കു

പിന്നെയെത്രയോ കൊയ്ത്തുപാടത്തിൽ!!

# അവളായിരുന്നെന്റെ ലോകം




അവളായിരുന്ന എൻെ ലോകം
വിധികൊണ്ടു പോയി അതിവേഗം
മിഴികൊണ്ടു കഥ നെയ്ത കാലം
തിരികെ വരില്ലെയെന്നാലും
ഞാൻ ഏകനല്ല ഇവിടെ
നിൻ ഓർമ്മയുണ്ട് കൂടെ പ്രിയമുള്ള
കൂട്ടുകാരി എന്നെ മറന്നിടല്ലെ

**-അവളായിരുന്നെന്റെ ലോകം**

**-അശ്വതി .എ**

# തല വേദന



ഏവരുടേയും തലയ്ക്കകത്ത് മയങ്ങിക്കിടപ്പുണ്ട്,
തലവേദനയുടെ
ഒരു കുഞ്ഞുസർപ്പം.
മിക്കവാറും ദിവസങ്ങളിൽ
പത്തിയൊതുക്കി
മിണ്ടാതെ, അനങ്ങാതെ, ചുരുണ്ട്,
തലയുടെ ഇടതോ വലതോ
മുന്നിലോ പിന്നിലോ
അതോ ഉള്ളിന്റെയുള്ളിലോ,
അതിന് സൗകര്യം പോലെ.
ചിലപ്പോൾ വെയിലിന്റെ മകുടിയൂത്തിനാൽ
ആവാഹിക്കപ്പെട്ട്
ചിലപ്പോൾ എണ്ണയുടെ തലോടലിൽ
അസ്വസ്ഥപ്പെട്ട്
മറ്റു ചിലപ്പോൾ വെള്ളം ദാഹിച്ച്
ഇനിയുമൊരിക്കൽ
സങ്കടങ്ങൾ വടിയുമായ് വന്ന
കുത്തിയിളക്കി നോവിപ്പിച്ച്......
അറിയാനാവും അതുണരുമ്പോൾ
പയ്യെ പയ്യെ
ശരീരമല്പാല്പം നിവർത്തി നിവർത്തി
കെട്ടുകൾ വിടർത്തിയിടത്തി
പല ദിശകളിലേക്ക് ഇഴഞ്ഞിഴഞ്ഞ്
ഒടുക്കം ഫണം വീശിച്ചാടിയാടി
ഏതു വേദന സംഹാരിക്കും
പരിമിതികളുണ്ട്
ഇന്ദ്രജാലം കാട്ടി, ഞരമ്പുകളെ തളർത്തി

LK/2018/39012

മയക്കാനേ പറ്റൂ, തോല്പ്പിക്കാനാവില്ല
എന്നതത്രേ അവന്റെ മുദ്രാവാക്യം
തലയുള്ളിടത്തോളം
ഞാനുമുണ്ടാവും എന്നതത്രേ പിടിവാശി

**-അഖിൻ .പി.അനിൽ**

# ഇനി കുറച്ച്

# ചോദ്യമാവാം??

## ആന

## ചെവിയാട്ടുന്നത് എന്തുകൊണ്ട് ???



പരന്ന വിശറി പോലെ വലിയ ചെവികളുണ്ട് ആനയ്ക്ക്. ചൂടിൽ നിന്ന് രക്ഷപ്പെടാണ് ആന എപ്പോഴും ചെവി ആട്ടിക്കൊണ്ടിരിക്കുന്നത്. സാധാരണ മൃഗങ്ങളിൽ കാണുന്നത് പോലെ വിയർപ്പുഗ്രന്ഥി ആനകൾക്കില്ല . അതായത് ശരീരം വിയർക്കുന്നതിലൂടെ ചൂട് കുറയ്ക്കാനാവില്ല.

**-ആൻസി .പി**

## എന്തിനാണ് ആനയ്ക്ക് തുമ്പിക്കൈ ???



പല ഉപയോഗങ്ങളുള്ള അവയവമാണ് തുമ്പിക്കൈ . ആനയുടെ കൈ മാത്രമല്ല, മൂക്ക്, ചുണ്ട് തുടങ്ങിയ അവയവങ്ങളും ഇതും തന്നെ ! മനുഷ്യൻ കൈ കൊണ്ട് ചെയ്യുന്ന പല ജോലികളും ആന തുമ്പിക്കൈ കൊണ്ടാണ് ചെയ്യുന്നത് . അതിന്റെ അറ്റം വിരൽ പോലെയാണ്. താഴെ കിടക്കുന്ന എന്തും തുമ്പികിക്കൈ കൊണ്ട് എടുക്കുവാൻ ആനക്ക് കഴിയും .

**-അശ്വതി .എ**

## എട്ടുകാലി സ്വന്തം വലയിൽ കുടുങ്ങാത്തത് എന്തുകൊണ്ട് ???



എട്ടുകാലി രണ്ടു തരത്തിലാണ്നൂലുകൾ ഉണ്ടാക്കുക.ഇതിൽ വട്ടത്തിലുള്ള ഒരുതരം പശയുണ്ടാകും. ഈ പശയിൽ തട്ടുന്ന ഇരയുടെ ദേഹം അതിൽ ഒട്ടിപ്പിടിക്കുന്നു. എന്നാൽ വല നിർമിച്ച എട്ടുകാലിക്ക് പശയുള്ള ഇഴകൾ ഏതാണെന്ന് അറിയാം . അതുകൊണ്ട് അവ പശയില്ലാത്ത ഇഴകളിലൂടെയേ സഞ്ചരിക്കൂ. ഇനിയഥവാ പശയുള്ള ഇഴകളിൽ തൊട്ടാലും എട്ടുകാലിയുടെ വളഞ്ഞ കാലുകളും കാലിലെ രോമങ്ങളും ശരീരം നൂലിൽ

ഒട്ടിപ്പിടിക്കാതിരിക്കാ-ൻ സഹായിക്കുന്നു....

**-ശ്രുതി .എസ്**

## നിഴലുണ്ടാകുന്നതെങ്ങനെ ???



വെളിച്ചത്തെ തടഞ്ഞു നിർത്താൻ കഴിവുള്ള വസ്തുക്കളാണ് നിഴലുണ്ടാക്കുന്നത്. പ്രകാശം നേർരേഖയിലാണ് സഞ്ചരിക്കുന്നത്. പ്രകാശത്തെ കടത്തിവിടാത്ത വസ്തു അതിന്റെ വഴിയിൽ വന്നാൽ പ്രകാശ രശ്മികൾ ആ വസ്തുവിൽ തട്ടി പ്രതിഫലിക്കുന്നു. പ്രകാശത്തിന് വളഞ്ഞ് പോകാൻകഴിവില്ലാത്തത് കൊണ്ടാണ് നിഴൽ ഉണ്ടാവുന്നത്

**-രമ്യ .എ.ജെ**

# അറിവു നേടാൻ

തയ്യാറാകാം!!

## ഞാനാണേ വലിയത്

**ജദീദിയ ജി .വി**



ലോകത്തിലെ ഏറ്റവും വലിയ ജീവി ഏതാണെന്ന ചോദ്യത്തിന് നാം ഏവരുടെയും ഉത്തരം നീലത്തിമിംഗലം എന്ന ഉത്തരം തെറ്റാണ്. കാരണം അത് ഏറ്റവും വലിയ ജന്തുവാണ്. ജീവിർഗ്ഗത്തിൽ ഏറ്റവും വലുത് ഒരുതരം ഫംഗസ് ചെടിയാണ്.

ഹണി മഷ്റൂം എന്നറിയപ്പെടുന്ന ഈ ഫംഗസ് ബ്രിട്ടനിലെ മാൻഹ്യർ നാഷണൽ ഫോറസ്റ്റിലാണ്. മണ്ണിനടിയിൽ ഏകദേശം രണ്ടായിരത്തിയിരുന്നൂറ് ഏക്കർ വരും ഇതിന്റെ വലുപ്പം!!!!കണ്ണുകൊണ്ട് കാണാൻ സാധിക്കാത്ത കുഞ്ഞു വിത്തിൽ നിന്ന് വളർച്ച തുടങ്ങിയ ഈ ഫംഗസ് രണ്ടായിരത്തിനാന്നൂറു വർഷമായി വളർന്നു കൊണ്ടിരിക്കുന്നു. വളരുന്ന സ്ഥലത്തെ മറ്റ് മരങ്ങളെയെല്ലാം ഇവ നശിപ്പിക്കുക്കയും ചെയ്യുന്നു.




## പ്രത്യാശയുടെ  പ്രത്യയശാസ്ത്രം

–

**റോഷ്നി എസ്**

കാലം കഴിയും തോറും
വ്യകതികളെക്കുറിച്ചുള്ള ഓർമകൾക്ക് മങ്ങലേൽക്കുക സ്വാഭാവികമാണ.അനുമരണങ്ങൾക്കും ആഘോഷങ്ങൾക്കും ആവേശംകുറയുന്നതും സഹജം.
പ്രഗല്ഭരായ നേതാക്കളുടെ  കാര്യത്തിൽ പോലും ആ സാമാന്യ നിയമം നൂറ്റാണ്ടുകളായി  നാം കണ്ടുവരുന്നു.കാലത്തെ അതിജീവിക്കുന്ന ഓർമകൾ സമ്മാനിച്ച് കടന്നപോയ വ്യകതികൾ അപൂർവമാണ്;പഴകും തോറും തിളക്കമേറുന്ന ഓർമകളോടെ കാലദേശാതിർത്തികൾ ഭേദിച്ച് അനുദിനം മനുഷ്യമനസ്സുകളിൽ കുടിയേറുന്ന നേതാക്കൾ അത്യപൂർവവും.മഹാത്മഗാന്ധിയുടെ കാര്യങ്ങത്തിൽ നാം അനുഭവിച്ചറിയുന്നത് ഈ അത്യപൂർ വ  പ്രതിഭാസമാണ്. ഒക്ടോബർ രണ്ട് ചരിത്രത്തിലിടം പിടിച്ചരിക്കുന്നത് ഇന്ത്യൻ രാഷ്ട്രപിതാവിൻെ  ജന്മനാൾ എന്ന നിലയിൽ മാത്രമല്ല, മാനവരാശിക്ക് പ്രത്യാശയുടെ പ്രകാശം പകർന്ന മൂല്യസംഹിതയുടെ വിജയദിനം കൂടിയാണ്. ആ ചരിത്രമുഹൂർത്തത്തി ൻെ  നൂറ്റിയൻപതാം വാർഷികം ഒരു കൊല്ലം നീണ്ട പരിപാടികളോ ടെ  കൊണ്ടാടാൻ ലോകം ഒന്നാകെ ഒരുങ്ങിയിരിക്കുകയാണ്.

[ഗാന്ധിജിയു ടെ 150-ാം ജന്മവാർഷികം ]



## വള്ളത്തോൾ നാരായണമേനോൻ

**അഭിജിത്ത്**

ആധുനിക കവിത്രയത്തിൽ കാവ്യശൈലിയിലെ ശബ്ദസൗന്ദര്യം കൊണ്ടും സർഗ്ഗാത്മകത കൊണ്ടും ശ്രദ്ധേയനായ കവി.കേരളകലാമണ്ഡലത്തിൻെറ സ്ഥാപകൻ 1878 ഒക്ടോബറിൽ ജനിച്ചു.1907 ൽ വാൽമീകി രാമായണം വിവർത്തനം ചെയ്തു. 1908 ൽ രോഗബാധയെത്തുടർന്ന് ബധിരനായെങ്കിലും കവിതാരചന തുടർന്നു.1915 ൽ ചിത്രയോഗം എന്ന കാവ്യം രചിച്ചു.സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്.മഹാത്മാജിയെ കുറിച്ചെഴുതിയ കവിതയാണ് എൻെറ ഗുരുനാഥൻ. പ്രധാന കൃതികൾ:അച്ഛനും മകളും,കൊച്ചു സീത,ബധിരവിലാപം,ബന്ധനസ്ഥനായ അനിരുദ്ധൻ,മഗ്ദലനമറിയം,സാഹിത്യമഞ്ജരി,വള്ളത്തോളിൻെറ പദ്യകൃതികൾ,ചിത്രയോഗം,ഗണപതി തുടങ്ങിയവ,1954 ൽ ഭാരതം പത്മഭൂഷൺ നൽകി അദ്ദേഹത്തെ ആദരിച്ചു.

# നിക്കോള ടെസ്ല

കിരൺ സൂരി,സൂരജ്.എസ്. കുമാർ

## ടെസ്ല-ശാസ്ത്രത്തിലെ അതുല്യ പ്രതിഭ

വൈദ്യുതിയെ ട്രാൻസ്ഫോർമറുകളുടെ സഹായത്തോടെ വളരെക്കൂടിയ വോൾട്ടതയിൽ ദീർഘദൂരങ്ങളിലേക്ക് വേഗത്തിലും കുറഞ്ഞ ചെലവിലും എത്തിക്കാനുള്ള ഉപായം കണ്ടുപിടിച്ചത് ടെസ്ലയാണ്.

## *എ.സി വൈദ്യുതി - മാനവരാശിയുടെ കുതിച്ചുചാട്ടം*

കാന്തികമണ്ഡലത്തിൽ ഭ്രമണം ചെയ്യുന്ന കമ്പിച്ചുരുളിൽ വൈദ്യുതി സംജാതമാകുന്നു എന്ന തത്ത്വം ഉപയോഗിച്ച് എ.സി വൈദ്യുതിയുടെഉത്പാദനം, പ്രേഷണം, വിതരണം എന്നിവ സാധ്യമാക്കി. ഈ തത്ത്വം ഉപയോഗിച്ച് അദ്ദേഹം 1888 മെയ് എ.സി മോട്ടറും വൈദ്യുതി പ്രക്ഷേപണവും അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ എഞ്ചിനീയേഴ്സ് എന്ന സംഘടനയ്ക്കു മുമ്പിൽ അവതരിപ്പിച്ചത്. ലോകത്തെ വ്യവസായിക കുതിപ്പിലേക്ക് നയിച്ചത് ടെസ്ലയുടെ എ.സി മോട്ടോറിന്റെ കണ്ടുപിടിത്തമാണ്.

## *വൈദ്യുതി കൊണ്ടു പോകാൻ കമ്പി വേണ്ട*

ടെസ്ലയുടെ സ്വപ്നപദ്ധതികളിലൊന്നായിരു
ന്നു കമ്പികളില്ലാതെയുള്ള വൈദ്യുതി പ്രേഷണം. ഉന്നതാവൃത്തിയിലും വോൾട്ടതയിലുമുള്ള വൈദ്യുതിധാര സൃഷ്ടിക്കാവുന്ന എയർ കോർ ട്രാൻ- സ്ഫോർമർ അദ്ദേഹമിതിനായി കണ്ടുപിടിച്ചു. 'ടെസ്ലചുരുളുകൾ' എന്ന പേരിലാണ് അറിയപ്പെടുന്നത്. അതേ ആവൃത്തിലേക്ക് ട്യൂൺ ചെയ്തും വെച്ചിട്ടുള്ള മറ്റൊരു ടെസ്ല ചുരുളുകൾ കമ്പികളില്ലാതെ തന്നെ വൈദ്യുതി സ്വീകരിക്കുമെന്ന് അദ്ദേഹം തെളിയിച്ചു.അതിനു പറ്റുന്ന പടുകൂറ്റൻ ടവറുകളുണ്ടാക്കി. ദീർഘദൂര വയർലസ് പ്രക്ഷേപണമെന്ന തന്റെ ആശയം പ്രാവർത്തികമാകും മുമ്പേ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ബോംബിങ്ങിൽ ടവറുകൾ തകർക്കപ്പെട്ടു.

***<u>റിമോട്ട് കൺട്രോൾ ബോട്ട്</u>***

1898 ൽ ടെസ്ല നിർമിച്ച റിമോർട്ട് കൺട്രോൾ ബോട്ട് ന്യൂയോർക്കിലെ ജനങ്ങൾ അത്ഭുതത്തോടെയാണ് വീക്ഷിച്ചത്. വിദൂരത്തിലിരുന്ന് നിയന്ത്രിക്കാവുന്ന റിമോട്ട് കൺട്രോൾ ഒരു നൂറ്റാണ്ടിനുമുമ്പേ തന്നെ ടെസ്ല കണ്ടെത്തിയിരുന്നു.

***<u>ഗുണം മാർകോണിക്ക്</u>***

കമ്പിയില്ലാ റേഡിയോ തരംഗങ്ങളുപ
യോഗിച്ചുള്ള ആയശവിനിമയം(റേഡിയോ) മാർകോണിപ്രയോഗത്തിലാ ക്കിയത് ടെസ്ലയുടെ കണ്ടുപിടിത്തങ്ങളെ പ്രയോജനപ്പെടുത്തിയാണ്.

***<u>എഡിസനോടൊപ്പം</u>***


ഉപരിപഠനത്തിനുശേഷം ടെസ്ല, തോമസ് ആൽവ എഡിസന്റെ കോണ്ടിനന്റൽ കമ്പിനിയിൽ എഞ്ചിനീയറായി. എഡിസന്റെ ഡി.സി ജനറേറ്ററിൽ ഏറെ മെച്ചപ്പെടുത്തലുകൾ വരുത്തി

പരിഷ്കരിച്ചത് ടെസ്ലയാണ്.എഡിസൻ വാഗ്ദാനം ചെയ്ത ശമ്പളം ടെസ്ലയ്ക്ക് ലഭിക്കാത്തതിനാൽ അദ്ദേഹം അവിടെ നിന്നു രാജിവച്ചു.

***<u>കാലത്തിനു മുമ്പേ</u>***

കാലത്തിനു മുമ്പേ നടന്ന ശാസ്ത്രജ്ഞനായിരുന്നു നിക്കോളാ ടെസ്ല അത്ഭുതകരമായ കഴിവുകളോടൊപ്പം മാനസികരോഗവും അദ്ദേഹത്തെ അലട്ടിയിരുന്നു. 1943 അന്തരിച്ചു.

# ടാഗോറും ഗീതാഞ്ജലിയും




**അഞ്ജന എ.ജെ**

കവി, നാടകകൃത്ത്, തത്വചിന്തകൻ ,ഗാനരചയിതാവ്, ചിത്രകാരൻ എന്നീ നിലകളിലെല്ലാം പ്രശസ്തനായ ഭാരതീയനാണ് ടാഗോർ . 1861 ൽ കൽക്കത്തയിൽ ജനിച്ചു. നോബൽ സാഹത്യ പുരസ്കാരം നേടിയ ആദ്യ ഏഷ്യക്കാരനാണ് അദ്ദേഹം. 'ഗീതാഞ്ജലി' എന്ന കൃതിക്കാണ് നോബൽ പുരസ്കാരം ലഭിച്ചത് . നൂറോളം കവിതാ സമാഹാരങ്ങളും രണ്ടായിരത്തി മുന്നൂറോളം ഗാനങ്ങളും അൻപത് നാടകങ്ങളും ലേഖനസമാഹാരങ്ങളും കലാഗ്രന്ഥങ്ങളുമെല്ലാം ടാഗോറിന്റേതായുണ്ട് . അദ്ദേഹത്തിന്റെ ജനഗണമന എന്ന ഗാനമാണ് ദേശീയഗാനമായി ഭാരതം തെരഞ്ഞെടുത്തത്.

# ക്രിസ്മസ് ദ്വീപിലെ ചുവപ്പ് പരവതാനി!!!



## ദിനൂപ് ഫിലിപ്പ്

ഓസ്ട്രേലിയയ്ക്കടുത്തുള്ള മനോഹരമായ ദ്വീപാണ് ക്രസ്മസ് ഐലൻഡ്.മഴക്കാടുകൾ കൊണ്ടും സമൃദ്ധമായ ജൈവവൈവിധ്യം കൊണ്ടും അനുഗ്രഹീതമാണിവിടം. ഇവിടെയുള്ള ഒരിനം ഞണ്ടുകളാണ് റെഡ് ക്രാബുകൾ.

എല്ലാവർഷവും മഴക്കാലമെത്തുന്നതിനു തൊട്ടുമുൻപ് കാടിനുള്ളിൽ നിന്നും വരിവരിയായി റെഡ് ക്രാബുകൾ പുറത്തേക്കിറങ്ങും. കടൽത്തീരത്തേക്കാണവരുടെ യാത്ര.ലക്ഷക്കണക്കിന് ഞണ്ടുകളുണ്ടാകും ഈ ജാഥയിൽ. 120 ലക്ഷം ഞണ്ടുകൾ വരെ ഇങ്ങനെ യാത്ര ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. കടൽത്തീരത്തെത്തുന്ന ഞണ്ടുകൾ മുട്ടകൾ ഇടുകയും അവ വിരിയാനായി കാത്തിരിക്കുകയും ചെയ്യുന്നു. മഴക്കാലം തുടങ്ങി പുതുമഴ മണ്ണിലേക്കിറങ്ങുന്നതോടെ റെഡ് ക്രാബിന്റെ മുട്ടകൾ വിരിയാൻ തുടങ്ങും. വൈകാതെ ലക്ഷക്കണക്കിന് കുഞ്ഞുങ്ങൾ കടൽത്തീരത്ത് നിറയും.പിന്നീട് ഇവ കാട്ടിലേക്കുള്ള മടക്കയാത്ര ആരംഭിക്കും.

ഇരുവശത്തേക്കുമുള്ള യാത്രകൾ അഞ്ചു മുതൽ ഏഴു ദിവസം വരെ നീണ്ടുനിൽക്കാറുണ്ട്.ഈ സമയത്ത് കടൽത്തീരവും കാടിനകവും ചുവപ്പ് പരവതാനി വിരിയിച്ച പോലെ കാണപ്പെടും.ക്യൂബയിലും ഇത്തരത്തിൽ ചുവപ്പ് ജാഥ നടക്കാറുണ്ട്!!!!!

## ജവഹർലാൽ നെഹ്റു

**സൂരജ് എസ് കുമാർ**



ഇന്ത്യയുടെ ആദ്യപ്രധാനമന്ത്രിയും ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖ്യശില്പിയും . മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ്റാണിയുടെയും മകനായി 1889 നവംബർ 14 ന് ജവഹർലാൽ നെഹ്റു ജനിച്ചു . പ്രാഥമിക വിദ്യാഭ്യസത്തിനു ശേഷം ഉപരിപഠനത്തിനായി ഇംഗ്ലണ്ടിലേക്കു പോയി. പ്രകൃതിശാസ്ത്രത്തിലും ബാരിസ്റ്റർപരീക്ഷയിലും വിജയിച്ച് 1912 ൽ ഇന്ത്യയിൽ മടങ്ങിയെത്തി . അലഹബാദ് ഹൈക്കോടതിയിൽ വക്കീലായി ജീവതമാരംഭിച്ച അദ്ദേഹം 1912 ലെ ബന്ദിപ്പൂർ കോൺഗ്രസ് സമ്മേളനത്തോടെയാണ് ദേശീയപ്രസ്ഥാനത്തിൽ പങ്കാളിയാകുന്നത്. 1916 ൽ കമലാ കൗളിനെ വിവാഹം കഴിച്ചു. 1917 നവംബർ 19 നാണ് ഇന്ദിരപ്രിയദർശിനി എന്ന മകൾ ജനിക്കുന്നത്. 1921 മുതൽ 1945 വരെ ആറു തവണ അദ്ദേഹം ജയിൽവാസമനുഭവിച്ചു. ഇക്കാലത്ത് മകൾ ഇന്ദിരാപ്രിയദർശിനിക്കയച്ച കത്തുകളുടെ സമാഹാരമാണ് 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ '. 1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വതന്ത്ര്യയായപ്പോൾ ആദ്യപ്രധാനമന്ത്രിയായി. 1964 ൽ മരിക്കുന്നത് വരെ ആ പദവിയിലായിരുന്നു. 1964 മെയ് 28 ന് ഹൃദയാഘാതത്താൽ അന്തരിച്ചു.

കൃതികൾ : വിശ്വചരിത്രാവലോകം, ഇന്ത്യയെ കണ്ടെത്തൽ,ആത്മകഥ ,ഇന്ത്യയിൽ18 മാസം ഇന്ത്യയും ലോകവും , സോവിയറ്റ് റഷ്യ , ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്ക്, ഇന്ത്യയുടെ ഏകത.

## കുറ്റിപ്പുറത്ത് കേശവൻനായർ

**അഖിൻ പി.അനിൽ**

*മലയാള കവി.1882 ൽ   മലയാള കവി.1882 ൽ*

*തിരുവില്വാമലയിൽ ജനിച്ചു.ബാല്യത്തിൽ തന്നെ*

*കവിതയെഴുതിത്തുടങ്ങി. വിദ്യാഭ്യാസവകുപ്പിൽ മലയാള പണ്ഡിതനായി ജോലി*

*ചെയ്തിട്ടുണ്ട്.തുടർന്ന് മഹാരാജാസ് കോളേജിൽ*

*അധ്യാപകനായി.1959 ഫെബ്രുവരിയിൽ അന്തരിച്ചു.*

*പ്രധാന*

*കൃതികൾ: കാവ്യോപഹാരം, നവ്യോപഹാരം, പ്രപഞ്ചം, സുഭാഷിതങ്ങൾ, ഓണം*

*കഴിഞ്ഞു.*

## വിദ്യാഭ്യാസവും കമ്പ്യൂട്ടറും

അമർത്യഎസ്



ശാസ്ത്ര സാങ്കേതിക രംഗത്തെ വികാസങ്ങൾക്കനുസരിച്ച് നമ്മുടെ ശാസ്ത്രകാരൻമാർ അനേകം പുതുപുത്തൻ യന്ത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്.അവയിൽ ഏറ്റവും മഹത്തായത്ത് കമ്പ്യൂട്ടറാണ് എന്ന് നമുക്ക് നിസ്സന്ദേഹം പറയാവുന്നതാണ്. വൈദ്യുതമസ്തിഷ്കത്തിൽ പ്രവർത്തിക്കുന്ന ഈ ഉപകരണം,മനുഷ്യന്റെ നിയന്ത്രണങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുക്കയും ഒരു വേള മനുഷ്യത്തന്നെ നിയന്ത്രിക്കുക്കയും ചെയ്യുന്നു. വാണിജ്യം, വ്യവസായം, പ്രതിരോധം,പത്രപ്രവർത്തനം, ഭരണരംഗം തുടങ്ങിയ സമസ്ത മേഖലകളിലും കംപ്യൂട്ടറിന്റെ സ്വാധീനം അനുദിനം വർദ്ധിച്ചു വരുന്ന കാഴ്ച്ചയാണ് നാം ഇന്നു കാണുന്നത്. വിദ്യാഭ്യാസ മേഖലയിലും ഈ മഹത്തായ യന്ത്രം ഒരു പുതുയുഗപ്പിറവിയുടെ സന്ദേശം ഉദ്ഘോഷിച്ചുക്കൊണ്ട് മുന്നേറി കൊണ്ടിരിക്കുക്കയാണ്.

ഉന്നതമായ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കംപ്യൂട്ടറിന്റെ ഉത്ഭവവും വികാസവും ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്താണ് ആരംഭിക്കുന്നത്. ഈ യന്ത്രത്തിന്റെ നിർമ്മാണത്തിൽ അമേരിക്കൻ ഐക്യ നാട്ടുകളിലെ ശാസ്ത്രജ്ഞന്മാരാണ് ഏറ്റവും കൂടുതൽ സംഭാവന ചെയ്തിട്ടുള്ളത്. സെൻസസ് കാര്യങ്ങൾക്കായാണ് കംപ്യൂട്ടർ ആദ്യമായി ഉപയോഗിച്ചത്. ജനസംഖ്യാ നിർമ്ണയം എന്ന സങ്കീർണ്ണമായ പ്രക്രിയ സരളമായി പൂർത്തിയാക്കുവാൻ കംപ്യൂട്ടറിന് സാധിച്ചു. ഈ വൻ വിജയത്തിന്റെ പ്രചോദനത്താൽ  ഈ യന്ത്രത്തിന്റെ കൂടുതൽ ഉപയോഗങ്ങളെപ്പറ്റി ആരായുവാൻ ശാസ്ത്രകാരൻമാർ നിയുക്തരാക്കപ്പെട്ടു. തൽഫലമായി വ്യവസായം, ഗതാതം, റേഡിയോ ടി.വി. സംപ്രേക്ഷണം, ദേശസുരക്ഷ തുടങ്ങി ജീവിതത്തിന്റെ സമസ്ത

മേഖലകളിലും ക്രമേണ കംപ്യൂട്ടറിന്റെ സ്വാധീനം വർദ്ധിച്ചു വരുന്നു. വിദ്യാഭ്യാസ രംഗവും കംപ്യൂട്ടറിൽ നിന്നും അകന്നുനിന്നില്ല. ഇന്ന് വികസിത രാജ്യങ്ങളിൽ വിദ്യാഭ്യാസത്തിന്റെ പ്രാഥമിക തലത്തിൽ തന്നെ കംപ്യൂട്ടർ അനിവാര്യഘടകമായി മാറിയിരിക്കുകയാണ്.

വിദ്യാഭ്യാസരംഗത്ത് കംപ്യൂട്ടർ പ്രയോഗിച്ചുതുടങ്ങുന്നതിനെക്കുറിച്ച് വിദ്യാഭ്യാസ വിദഗ്ദ്ധരുടെ ഇടയിൽ അഭിപ്രായ വ്യത്യാസങ്ങളും ആശയക്കുഴപ്പങ്ങളും ഉണ്ടായിരുന്നു. കംപ്യൂട്ടർ മുഖേന വിദ്യാഭ്യാസം നൽകുമ്പോൾ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുവാൻ വിദ്യാർത്ഥികൾക്ക് കഴിയാതെ വരുകയും തന്മൂലം അദ്ധ്യയനം സമഗ്രത നഷ്ടപ്പെട്ട് അപൂർണ്ണവും വികൃതവും ആയിത്തീരുകയും ചെയ്യുമെന്ന് ആശങ്കയുയർന്നു. ഈ ആശങ്കയെ അസ്ഥാനത്താക്കിക്കൊണ്ട് വിദ്യാർത്ഥികൾക്ക് അനുബന്ധ പ്രവർത്തനങ്ങൾ നടത്തുവാനുതകുന്ന സമസ്തകാര്യങ്ങളും ഉൾക്കൊള്ളുന്ന കംപ്യൂട്ടറുകൾ നിർമ്മിക്കുവാൻ ശാസ്ത്രകാരന്മാർക്കു കഴിഞ്ഞു. അങ്ങനെ, ഇരുപതാം നൂറ്റാണ്ടിന്റെ ആറാം ദശാബ്ദത്തിൽ പൊതുവിദ്യാഭ്യാസരംഗത്ത് കംപ്യൂട്ടർ പ്രയോഗത്തിന്റെ ഹരിശ്രീ കുറിക്കപ്പെട്ടു. 1966-ൽ സ്റ്റാൻ ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ പാടിക് അങ്കഗണിതം തുടങ്ങി എല്ലാ വിഷയങ്ങളിലും ട്യൂട്ടോറിയൽ നിർമ്മിച്ച് വിദ്യാഭ്യാസ രംഗത്ത് കംപ്യൂട്ടറിന്റെ സ്ഥാനം ഊട്ടിയുറപ്പിച്ചു. അതിനുശേഷവും വിദ്യാഭ്യാസ രംഗത്ത് കംപ്യൂട്ടറിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി അനേകം പ്രവർത്തനങ്ങൾ നടന്നു. ഇപ്പോഴും നടന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

കംപ്യൂട്ടർ വിദ്യാഭ്യാസ രംഗത്ത് നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ നിരവധിയാണ്. കംപ്യൂട്ടറിന്റെ സഹായത്തോടെ വിദ്യാർത്ഥിക്ക് എല്ലാ ശാസ്ത്ര വിഷയങ്ങളും സ്വയം പഠിക്കാൻ സാധിക്കും. വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിനും സംശയങ്ങൾ നീക്കിയെടുക്കുന്നതിനും വേണ്ട സജ്ജീകരണങ്ങൾ ആധുനിക കംപ്യൂട്ടറുകളിലുണ്ട്. പഠനാനുബന്ധ പ്രവർത്തനങ്ങൾ സ്വയം നടത്തുവാനും സ്വയം നടത്തുവാനും അവയുടെ ഫലങ്ങൾ അപ്പോൾ തന്നെ മനസ്സിലാക്കുവാനും തെറ്റുകൾ തിരുത്തിയെടുക്കുവാനും കംപ്യൂട്ടറുകൾ സഹായിക്കുന്നു. വിദ്യാർത്ഥികളുടെ അഭിരുചികൾ മനസ്സിലാക്കുന്നതിനും അവയ്ക്കനുസരിച്ച് പഠന പ്രവർത്തനങ്ങൾ

ക്രമീകരിക്കുന്നതിനും കംപ്യൂട്ടർ അധ്യാപകരെ സഹായിക്കുന്നു. ഒരേ പാഠ്യ വസ്തുവിനോടുള്ള വിദ്യാർത്ഥികളുടെ വൈയക്തിക പ്രതികരണങ്ങൾ സ്വയം നടത്തുവാനും അവയുടെ ഫലങ്ങൾ അപ്പോൾ തന്നെ മനസ്സിലാക്കുവാനും തെറ്റുകൾ തിരുത്തിയെടുക്കുവാനും കംപ്യൂട്ടറുകൾ സഹായുക്കുന്നു. വിദ്യാർത്ഥികളുടെ അഭിരുചികൾ മനസ്സിലാക്കുന്നതിനും അവയ്ക്കനുസരിച്ച് പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും കംപ്യൂട്ടർ അധ്യാപകരെ സഹായിക്കുന്നു. ഒരേ പാഠ്യ വസ്തുവിനോടുള്ള വിദ്യാർത്ഥികളുടെ വൈയക്തിക പ്രതികരണങ്ങൾ രേഖപ്പെടുത്തി, ഓരോ വിദ്യാർത്ഥിക്കും ആവശ്യമായ പരിഹാരബോധനം സാധ്യമാക്കുന്നതിന് കംപ്യൂട്ടർ ഉപകരിക്കുന്നു. ഈ മാധ്യമത്തിന്റെ സഹായത്തോടെ അറിവിന്റെ മേഖലകൾ സ്വയം തേടുവാൻ വിദ്യാർത്ഥിക്കു കഴിയുന്നു. അദ്ധ്യാപകന്റെ വ്യക്തിപരമായ താൽപര്യങ്ങളെയോ ചിന്തകളോ ഇത്തരത്തിലുള്ള പഠനത്തേയോ മൂല്യനിർണ്ണയത്തേയോ ബാധിക്കുന്നില്ലാതത്തിനാൽ ക്രമാനുഗതവും കൃത്യവുമായ ജ്ഞാനം വിദ്യാർത്ഥിക്കു ലഭിക്കുന്നു.വിദ്യാർത്ഥികളുടെ പ്രായോഗിക ജ്ഞാനം കൂടുതൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കംപ്യൂട്ടർ സഹായിക്കുന്നു. ബൗദ്ധികമായ അറിവിന്റെ സമസ്തമേഖലകളേയും കംപ്യൂട്ടർ സഹായിക്കുന്നു. ബൗദ്ധികമായ അറിവിന്റെ സമസ്ത മേഖലകളേയും കുറിച്ചുള്ള സമ്പൂർണ്ണ വിവരങ്ങൾ അടങ്ങിയിട്ടുള്ള കംപ്യൂട്ടറുകളാണ് ഇപ്പോൾ വിദ്യാഭ്യാസ രംഗത്ത് ഉപയോഗിക്കപ്പെട്ടു വരുനേനത്. അതുകൊണ്ടു തന്നെ വിദ്യാർത്ഥിക്കുണ്ടാവുന്ന ഏറ്റവും ചെറുയ തെറ്റുപോലും കംപ്യൂട്ടർ അപ്പോൾ തന്നെ രേഖപ്പെടുത്തുന്നു. തെറ്റിന്റെ കാരണവും അപ്പോൾ തന്നെ കംപ്യൂട്ടറിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നു. ഇതുമൂലം ഓരോ വിദ്യാർത്ഥിക്കും വസ്തുതകൾ കൃത്യമായി ഗ്രഹിക്കുവാനും തെറ്റുകൾ നിസ്സന്ദേഹം തിരുത്തുവാനും നിഷ്പ്രയാസം സാധിക്കുന്നു.

വിദ്യാർത്ഥികളുടെ പഠനത്തിന്റെ മൂല്യനിർണ്ണയം കംപ്യൂട്ടർ സ്വയം നടത്തുന്നു. ഒരു  വിദ്യാർത്ഥിക്ക് തന്റെ പഠനനിലവാരത്തിലെ ഉയർച്ച താഴ്ച്ചകൾ മനസ്സിലാക്കുവാൻ സാധിക്കുന്നതോടൊപ്പം തന്നെ തന്റെ വിദ്യാർത്ഥിയുടെ ശരിയായ പഠന നിലവാരത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്ന തിന് ഇത് അധ്യാപകനെ സഹായിക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസരംഗത്തെ കംപ്യൂട്ടർ പ്രയോഗം, ഭാരതത്തിൽ ഇന്നും

ശൈശവാവസ്ഥയിൽ തന്നെയാണ്. വിദ്യാഭ്യാസരംഗത്ത് കംപ്യൂട്ടറുകളുടെ സഹായം വർദ്ധിക്കുന്നതിനു വേണ്ട നടപടികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. പരിമിതമായ തോതിലെങ്കിലും ഇതിന്റെ പ്രയോഗം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അനതിവിധൂര ഭാവിയിൽ തന്നെ വിദ്യാഭ്യാസ രംഗത്ത് കംപ്യൂട്ടറിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ നമുക്കു സാധിക്കും എന്നു പ്രത്യാശിക്കാം......

## <u>നാടിനെ തിരുത്തിയ</u>

## <u>നായകൻ!!</u> <u>ജദീദിയ ജി.വി</u>

പരവതാനികളുണ്ടാകുന്ന കമ്പനിക്ക് ആ കുട്ടിയെ വിറ്റത് നാലാം വയസ്സിലാണ്. ബാലവേലയുടെ ഇരയായിരുന്ന ഇഖ്ബാൽ മസീഹ് എന്ന ആ പാക്കിസ്ഥാനി ബാലൻ.ലഹോറിനടുത്തുള്ള മുറിദ്ക്കെ എന്ന ചെറിയ നഗരത്തിലെ ഒരു തറിയോട് ചേർത്ത് അവനെ കെട്ടിയിട്ടു. ആവശ്യത്തിന് വിശ്രമമോ ആഹാരമോ ഇല്ലാതെ ദിവസവും  പന്ത്രണ്ട് മണിക്കുറോളം കഠിനമായ ജോലി. പ്രായത്തിനനുസരിച്ച് അവന്റെ കുഞ്ഞു ശരീരം വളർന്നില്ല. <u>പത്തു</u> വയസ്സുള്ളപ്പോൾ ഫാക്ടറിയിൽ നിന്നു രക്ഷപ്പെട്ട ഇഖ്ബാൽ ബാലവേലയ്ക്ക് എതിരെ പോരാടുന്ന ബോണ്ടഡ് ലേബർ ലിബറേഷൻ ഫ്രണ്ട് ഓഫ് പാക്കിസ്ഥാൻ എന്ന സംഘടനയിൽ അംഗമായി.




നിർബന്ധിത ബാലവേലയിൽ നിന്ന് മൂവായിരത്തോളം കുട്ടികളെ രക്ഷപ്പെടുത്താൻ ഇഖ്ബാലിനായി. ബാലവേലയ്ക്ക് എതിരായ പോരാട്ടത്തിന്റെ മുഖമുദ്രയും പ്രചോദനവുമായി ഇഖ്ബാൽ മാറി. ലോകമെങ്ങും ബാലവേലയ്ക്കെതിരെ അവൻ പ്രഭാഷണങ്ങൾ നടത്തി.

*1995-ലെ ഒരു ഞായറാഴ്ച്ച ഇഖ്ബാൽ മസീഹ് കൊല്ലപ്പെട്ടു. പക്ഷേ,പാക്കിസ്ഥാനിലെ ബാലവേലയിലേക്ക് ലോകശ്രദ്ധ കൊണ്ടുവരുന്നതിൽ ഇഖ്ബാൽ ജയിച്ചു.*

## നവകേരളം

**ദേവനന്ദൻ**


അപ്രതീക്ഷിതമായി വിരുന്നെത്തിയ പ്രളയജലം നൽകിയ സമ്മാനത്തിൽ മുട്ടുമടക്കി നിസംഗതയായി നിലകൊള്ളുന്ന കേരളത്തെ പുനസൃഷ്ടിക്കുക ഭകീരഥ പ്രയത്നത്തേക്കാൾ ദുഷ്കരമാണ്. അപ്രതീക്ഷിത അതിഥി നൽകിയ സമ്മാനത്തിൽ മുട്ടുമടക്കാതെ മന കരുത്ത് കൈമുതലാക്കിയ നാം പകച്ചു പോവാതെ പിടിച്ചു നിന്നു. അല്ലെങ്കിൽ ഇക്കടന്ന 18 ലെ വെള്ളപൊക്കത്തിന്റെ ദുരന്തത്താളുകളുടെ ചേർന്ന പുസ്തകത്തിന്റെ കനം കൂടുത്തേനെ!!

നവകേരളം എന്ന സങ്കൽപ്പം എല്ലാമേഖലകളുടെ ഉയർത്തെഴുന്നേൽപ്പാണ്. അതിനാൽ മുമ്പ് നാം കണ്ണടച്ച് കാര്യമാക്കാതെ വിട്ട ചെറിയ   പ്രശ്നങ്ങൾക്ക് പോലും സമഗ്രമായി പരിഹാരം സാധ്യമാവണം . സ്വച്ഛമായ പരിസ്ഥിതി സ്വന്തമായിരുന്ന നമ്മൾക്ക് .എപ്പോഴോ വന്നുചേർന്ന  പരിഷ്ക്കാരങ്ങൾ നമ്മുടെ സംസ്കാരത്തെ  തന്നെ തകർത്തു കളഞ്ഞു.അതോടൊപ്പംല നമ്മുടെ സ്വച്ഛമായ പ്രകൃതിയുടെ  സൗന്ദര്യം കൈമോശം വന്നുചേർന്നു. ഇങ്ങനെ പ്രകൃതിയിൽ ഉണ്ടായ പാകപിഴകളാണ്.ഇക്കഴിഞ്ഞ പ്രളയത്തിന്റെ കാരണക്കാരൻ. വരുണദേവൻ അനുഗ്രഹവർഷം കോരിചൊരിയുന്ന നാടാണ് നമ്മുടേത്. അതിനാൽ തന്നെ വർഷാവർഷം വൻ തോതിൽ ജലം നമുക്കു ലഭിക്കുന്നു. ഏറെക്കുറെ എല്ലായിടവും വയലും തൊടികളും നിറഞ്ഞിരുന്ന നമ്മുടെ ഭൂപ്രകൃതി ആ ജലശേഖരണം ഉൾക്കൊള്ളാൻ പ്രാപ്തമായിരുന്നു  കെട്ടിയസമുച്ചയങ്ങൾക്ക് വയലുകൾ മാറിമാറി നിന്നപ്പോൾ പെയ്തിറങ്ങുന്ന ജലം നദികൾക്ക് ഉൾകൊള്ളേണ്ടിവന്നു. കുറേ കാലം ഇത് തുടർന്നപ്പോൾ നദികളുടെ അടിത്തട്ടിലെ  മണ്ണിളകി തുടങ്ങി .

അതോടൊപ്പം  മണ്ണൽവാരൽ കൂടിയപ്പോൾ നദികളുടെ അസ്ഥിവാരം തന്നെ ഇല്ലാതായി .

സാധാരണ നമുക്ക് ലഭിക്കുന്ന മഴയിൽ കുറച്ചു കൂടുതൽ മാത്രമാണ് ആ മാസങ്ങളിൽ ലഭിച്ചത്. ആ ജലം ഉൾക്കൊള്ളാൻ അപര്യാപ്തതയായ നദികളിൽ നിന്ന് ജലം കരയിലേക്ക് ലോങ് മാർച്ച് നടത്തിയപ്പോൾ കേരളത്തിലെ ധാരാളം വീടുകളും മറ്റും നാശോൻമുഖമായി.

കര, ജലം മലിനീകരണങ്ങളുടെ ദുരന്തഫലങ്ങൾ നാം രക്ഷാപ്രവർത്തന സമയത്ത് ആവോളം അനുഭവിച്ചു. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തേടി എത്തിയപ്പോൾ നമുക്ക് കുനിൻ മേൽ കുരുപോലെയായി. നാം വലിച്ചെറിഞ്ഞവ നമ്മെ തേടിയെത്തിയത് നമുക്കു പുതിയ ഒരനുഭവമായിരുന്നു. നവകേരളം പരിസ്ഥിതിയ്ക്കിണങ്ങിയ നാടാക്കി മാറ്റണം. എങ്ങോ നമ്മൾക്കിടയിൽ ഉൾച്ചേർന്ന പരിഷ്ക്കാരങ്ങൾ നമ്മുടെ സമ്പത്ത് ഘടനയുടെ തന്നെ നട്ടെല്ലൊടിച്ചല്ലോ-അതിനാൽ സ്വച്ഛമായ തൊണ്ണൂറുകളിലേക്ക് നാം മടങ്ങിപ്പോകണം. ആഡംബരത്തിനെ കൈയൊഴിഞ്ഞ് സാധാരണ ജീവിതം നാം നയിക്കണം. മലീനീകരണ മുക്ത സംസ്ഥാനം എന്നത് നവ കേരളത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാകണം. പ്രകൃതിക്കിണങ്ങി നാം ജീവിതം , ഭാവിതലമുറ, നവകേരള സൃഷ്ടാക്കൾ എന്നോർത്ത് അഭിമാനിക്കേണ്ട തലത്തിലേക്ക് കാര്യങ്ങൾ നാം നീക്കണം. ആ മഹായഞ്ജത്തിന്റെ കടിഞ്ഞാൺ കേരള കരയിൽ കാലുറപ്പിച്ചിരിക്കുന്ന മൂന്നുകോടിയിൽ പരം മലയാളികളിലാണ്. അതിനായി ഒത്തൊരുമയോടെ എല്ലാവർക്കും കഴിയട്ടെ.........



ലിറ്റിൽകൈറ്റ്സ്